DEPARTMENT OF AGRICULTURE

**FARM INFORMATION BUREAU**

FARM NEWS

07-01-2021

# കാർഷികമേഖലാവാർത്തകൾ

## വലിയചിറ പാടത്തിൽ ഡ്രോൺ ഉപയോഗിച്ചുള്ള സൂക്ഷ്മമൂലകങ്ങൾ (കെ.എ.യു സമ്പൂർണ്ണ) സ്പ്രേ ചെയ്യുന്ന പ്രദർശന പരിപാടി

വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രവും കിഴുവിലം കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന വലിയചിറ പാടശേഖരത്തിൽ ഡ്രോൺ ഉപയോഗിച്ചുള്ള സൂക്ഷ്മമൂലകങ്ങളുടെ കൂട്ട് (കെ.എ.യു സമ്പൂർണ്ണ) സ്പ്രേ ചെയ്യുന്ന പ്രദർശന പരിപാടിയുടെ ഉദ്ഘാടന കർമ്മം ഇന്ന് വൈകുന്നേരം 4 മണിക്ക് കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ വി. ശശി നിർവഹിക്കുന്നു. 20 ഹെക്ടർ കൃഷിഭൂമിയിൽ 2 ദിവസങ്ങളിലായാണ് പ്രദർശനം സംഘടിപ്പിക്കുന്നത്.

## അറിയിപ്പ്

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജ് ഇൻസ്ട്രക്ഷണൽ ഫാമിലെ വിപണന കേന്ദ്രത്തിൽ നിന്നും ഗ്രോബാഗിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനാവശ്യമായ ഉത്പാനോപാധികൾ അടങ്ങിയ ഒരു കിറ്റ് **ഏക** എന്ന പേരിൽ കർഷകർക്ക് ലഭ്യമാണ്. പത്ത് ഗ്രോ ബാഗിലേക്ക് പച്ചക്കറി കൃഷിക്കാവശ്യമായ വളങ്ങളും, ജൈവ രോഗ നിയന്ത്രണ ഉപാധികളും ഉൾപ്പെടുത്തിയിരിക്കുന്ന ഈ കിറ്റിന്റെ വില 225/- രൂപയാണ്. വെള്ളായണി കാർഷിക

കോളേജിലെ വിൽപ്പന കൗണ്ടറിൽ നിന്നും ഉപഭോക്താക്കൾക്ക് ഈ കിറ്റ് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും കിറ്റിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും **0471–2383572** എന്ന നമ്പരിൽ വിളിക്കേണ്ടതാണെന്ന് വെള്ളായണി ഇൻസ്ട്രക്ഷണൽ ഫാം പ്രൊഫസർ അറിയിച്ചു.

## ഗവേഷണ വിജ്ഞാനവ്യാപന ശില്പശാല വെള്ളായണി കാർഷിക കോളേജിൽ

ദക്ഷിണമേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം ഇന്നും നാളെയുമായി ഗവേഷണ വിജ്ഞാനവ്യാപന ശില്പശാല നടത്തുന്നു. ശില്പശാലയുടെ ഉദ്ഘാടനം ഇന്ന് രാവിലെ 10 മണിക്ക് വെള്ളായണി കാർഷിക കോളേജിൽ നിന്നും ഓൺലൈൻ ആയി ഗൂഗിൾ മീറ്റ് ആപ്പിൽ കേരള കാർഷിക സർവകലാശാല വൈസ് ചാൻസിലർ ഡോ.ആർ.ചന്ദ്രബാബു നിർവഹിക്കും. കാർഷിക കോളേജ് ഡീൻ ഡോ.എ.അനിൽകുമാർ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ.വാസുകി ഐഎഎസ് മുഖ്യ പ്രഭാഷണം നടത്തും. കർഷകർക്ക് പ്രയോഗത്തിൽ വരുത്താവുന്ന ഗവേഷണ ഫലങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള സെമിനാറിൽ വിദഗ്ദ്ധർ പ്രബന്ധങ്ങൾ അവതരിപ്പിച്ച് ചർച്ച ചെയ്യും. സെമിനാറിനോടനുബന്ധിച്ച് ഓൺലൈൻ കാർഷിക പ്രദർശനവും ഉണ്ടായിരിക്കുന്നതാണ്.

# അറിയിപ്പ്

കേരള കാർഷിക യന്ത്ര വൽക്കരണ മിഷൻ നടത്തുന്ന 20 ദിവസം നീണ്ടു നിൽക്കുന്ന കാർഷിക യന്ത്ര വൽക്കരണ പ്രവർത്തനപരിശീലന പരിപാടിയിൽ കോഴിക്കോട് ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ സ്ഥിരമായി താമസിക്കുന്ന കാർഷിക മേഖലയിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ള യുവതി യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ 18 -40 വയസ്സ് പ്രായമുള്ളവരും അതാതു പഞ്ചായത്തിൽ സ്ഥിരതാമസക്കാരുമായിരിക്കണം. അപേക്ഷകർ ഫോം പൂരിപ്പിച്ച് ജനനത്തീയതി,വിദ്യാഭ്യാസ യോഗ്യത, താമസ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവയുടെപകർപ്പ്, ഫോട്ടോ പതിച്ച അപേക്ഷ കവറിൽ കാർഷിക യന്ത്ര വൽക്കരണ പ്രവർത്തന പരിശീലന അപേക്ഷ എന്നെഴുതി അതാതു പഞ്ചായത്തിലെ കൃഷിഭവനിൽ **ഈ മാസം** 08 നു 5 മണിക്ക് മുന്പായി എത്തിച്ചു തരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി 8281 200673 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ് എന്ന്കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## പക്ഷിപ്പനി രോഗബാധയുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ വകുപ്പ് പുറപ്പെടുവിക്കുന്ന ജാഗ്രതാ നിർദേശം

സംസ്ഥാനത്തു ആലപ്പുഴ കോട്ടയം ജില്ല**കളിൽ** പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ള സാഹചര്യത്തിൽ താറാവ് കർഷകരും പൊതുജനങ്ങ**ൾ** താഴെപ്പറയുന്ന ജാഗ്രതാ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ചത്ത പക്ഷികളെയോ, രോഗം ബാധിച്ചവയെയെയോ,ദേശാടന കിളികളെയോ, ഇവയുടെയൊക്കെ കാഷ്ഠമോ ഒക്കെ കൈകാര്യം ചെയ്യേണ്ട സാഹചര്യം വന്നാൽ അതിനു മുൻപും ശേഷവും ചൂടുവെള്ളവും സോപ്പും ഉപയോഗിച്ച് കൈകൾ ഇടയ്ക്കിടെ കഴുകു**കയും** കൈകാര്യം ചെയ്യുമ്പോൾ കൈയുറയും മാസ്കും നിർബന്ധമായും ധരിക്കേണ്ടതാണ്.
2. നന്നായി പാചകം ചെയ്ത മാംസവും മുട്ടയും മാത്രം ഉപയോഗിക്കുക

3. നിങ്ങളുടെ തൊട്ടടുത്ത് അസാധാരണമാം വിധം പക്ഷികളുടെ മരണം ശ്രദ്ധയിൽ പെട്ടാൽ അടുത്തുള്ള മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനത്തിൽ അറിയിക്കുക.

4. പക്ഷികളെ കൈകാര്യം ചെയ്ത ശേഷം എന്തെങ്കിലും ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ടാൽ അടുത്തുള്ള മെഡിക്കൽ ഡോക്ടറെ ബന്ധപെടുക .

5. രോഗം ബാധിച്ച പക്ഷികളെ കൊന്നൊടുക്കുന്നതിനും രോഗബാധിത പ്രദേശങ്ങൾ ശുചീകരിക്കുന്നതിനും ഉദ്യോഗസ്ഥരുമായി സഹകരിക്കുക.

6. ശുചീകരണത്തിനായി 2% സോഡിയം ഹൈഡ്രോക്സിഡ് ലായനി, പൊട്ടാസിയം പെർമങ്ങനെറ്റ് ലായനി, കുമ്മായം എന്നിവ ഉപയോഗിക്കാവുന്നതാണ്.

7. രോഗബാധയേറ്റ പക്ഷികളുള്ള പ്രദേശത്തു നിന്നും ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പക്ഷികളെ വാങ്ങുകയോ വിൽക്കുകയോ അരുത്.

## ആലപ്പുഴ ജില്ല- പക്ഷിപ്പനി അറിയിപ്പ്

ആലപ്പുഴ ജില്ലയിലെ നെടുമുടി, കരുവാറ്റ, തകഴി, പള്ളിപ്പാട് എന്നീ പഞ്ചായത്തുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രതിരോധ നടപടികൾ ഊർജ്ജിതമാക്കി. രോഗബാധയുണ്ടായ ഫാമുകളിൽ ശേഷിക്കുന്ന താറാവുകളെയും ഫാമിന് പുറത്ത് ഒരു കിലോമീറ്റർ ചുറ്റളവിലുളള എല്ലാ വളർത്തു പക്ഷികളെയും മുൻകരുതലിന്റെ ഭാഗമായി കൊന്ന് നശിപ്പിക്കുന്നതിനും അണുനശീകരണത്തിനുമായി വെറ്ററിനറി ഡോക്ടർമാരുടെ നേതൃത്വത്തിലുളള പത്തൊൻപത് ദ്രുതകർമ്മ സേനകളെ നിയോഗിച്ചു. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് രോഗം പകരുന്നത് തടയുന്നതിനും മനുഷ്യരിലേയ്ക്ക് പകരാതിരിക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴയിലെ ജന്തുരോഗ നിയന്ത്രണ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നിട്ടുണ്ട്.

പക്ഷിപ്പനി സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനും സംശയനിവാരണത്തിനുമായി പൊതുജനങ്ങൾക്ക് **0477 2252636** എന്ന നമ്പരിൽ കൺട്രോൾ റൂമിൽ ബന്ധപ്പെടാം.

## അപേക്ഷ ക്ഷണിക്കുന്നു

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ബ്ലോക്കിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കാനുദ്ദേശിക്കുന്ന കാർഷിക സേവന കേന്ദ്രത്തിൽ ഒരു ഫെസിലിറ്റേറ്ററെയും 35 സർവ്വീസ് പ്രൊവൈഡർമാരെയും തെരെഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിലോ, നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലോ, തിരുവല്ലം കൃഷിഭവൻ പരിധിയിലോ ഉള്ള നിവാസികളും കാർഷിക കർമ്മ സേവനം നൽകുന്നതിന് സമ്മതമുള്ളവരും ആയിരിക്കണം. അപേക്ഷാഫോറം നെയ്യാറ്റിൻകര കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്നും എല്ലാ പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ പൂരിപ്പിച്ച് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഇന്ന് വൈകിട്ട് 4.30-ന് മുമ്പായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, 1st ഫ്ളോർ മിനി സിവിൽ സ്റ്റേഷൻ, നെയ്യാറ്റിൻകര എന്ന മേൽവിലാസത്തിൽ ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471-2220066, 0471-2227122 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# റബ്ബർബോർഡ് സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങുന്നു

റബ്ബർബോർഡ് മോളിക്യുലർ ബയോളജി & ബയോടെക്നോളജി ടെക്നിക്സ്, റബ്ബറുത്പന്നനിർമ്മാണം എന്നിവയിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങുന്നു. കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഈ മാസം 20-ന് ആരംഭിക്കുന്ന കോഴ്സുകളുടെ കാലാവധി മൂന്നു മാസമാണ്. കോഴ്സ് ഫീസ് 21000 രൂപ. മോളിക്യുലർ ബയോളജി & ബയോടെക്നോളജി ടെക്നിക്സ് കോഴ്സ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2351313** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. റബ്ബറുത്പന്ന നിർമ്മാണത്തിലുള്ള കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ **0481 2353325** എന്ന നമ്പറിലോ **0481 2353325** എന്ന വാട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in